പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 465 — 19.03.2013 -ൽ മറുപടിക്ക്

## ഡീസൽ വില വർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.യിൽ ഉണ്ടായ പ്രതിസന്ധി

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡീസൽ വിലവർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.യുടെ പ്രതി ദിന സാമ്പത്തിക ബാധ്യത എത്രയാണെന്ന് വിശദമാക്കുമോ; | (എ) | ഡീസൽ വില വർദ്ധനവ് ഉൾപ്പടെ കെ.എസ്.ആർ.ടി.സി. യുടെ പ്രതിദിന സാമ്പത്തിക ബാദ്ധ്യത ഏകദേശം 3 കോടി 14 ലക്ഷം രൂപയാണ്. ഡീസൽ വില വർദ്ധനവ് മൂലം മാത്രം പ്രതിദിന അധിക ബാദ്ധ്യത ഏകദേശം 60 ലക്ഷം രൂപയാണ്. |
| (ബി) | പ്രസ്തുത സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പ്രസ്തുത സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിന് രണ്ട് മാസത്തേക്കുള്ള സാമ്പത്തിക സഹായമായി 28 കോടി രൂപ അനുവദിച്ചു. സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും, മാർച്ച് മാസത്തിൽ 25 കോടി രൂപയും കെ.എസ്.ആർ.ടി.സി. യ്ക്ക് അനുവദിച്ചു. |
| (സി) | കെ.എസ്.ആർ.ടി.സി. പൊതു മേഖലാ സ്ഥാപനമായതിനാലും ഗതാഗത സേവന മേഖലയിലെ ചുമതലയും പരിഗണിച്ച് കുറഞ്ഞ വിലയ്ക്ക് ഡീസൽ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | വൻകിട ഉപഭോക്താവ് എന്ന നിലയിലുള്ള ഡീസൽ വില വർദ്ധനവിൽ നിന്നും കെ.എസ്.ആർ.ടി.സി. യെ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; | | |
| (ഇ) | കുറഞ്ഞ വിലയ്ക്ക് കെ.എസ്.ആർ. ടി.സി സപ്ലൈകോയിൽ നിന്ന് ഡീസൽ വാങ്ങാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ? | (ഇ) | ഇപ്പോൾ സപ്ലൈകോയുടെ പമ്പുകൾ വഴി കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഡീസൽ അടിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ